# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 516 11.06.2013-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

**ചോദ്യം**

ശ്രീ. എം. ഹംസ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2013 ഏപ്രിൽ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 3112.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 2195.61 കോടി രൂപയേക്കാൾ 41.75% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 2963.98 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 2892.53 കോടി രൂപയേക്കാൾ 2.47% കൂടുതലാണ്. 2013 ഏപ്രിൽ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 52.53 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30.04.2013 ൽ ട്രഷറി ബില്ലുകളിലായി 1431.13 കോടി രൂപ നിക്ഷേപമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ഓവർ ഡ്രാഫ്റ്റ്, സ്പെഷ്യൽ വെയ്സ് & മീൻസ് അഡ്വാൻസ്, വെയ്സ് & മീൻസ് അഡ്വാൻസ് എന്നിവ എടുക്കേണ്ടിവന്നിട്ടില്ല. ഇത് സംസ്ഥാനത്തിന്റെ മെച്ചപ്പെട്ട സാമ്പത്തിക നിലയെ സൂചിപ്പിക്കുന്നു. |
| (ബി) | വരൾച്ചയെ അതിജീവിക്കുന്നതിനായി കേന്ദ്ര സർക്കാർ എത്ര തുക ധനസഹായം അനുവദിച്ചു. എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നത് : അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു : ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകാമോ ; | 2012 സെപ്റ്റംബർ മാസത്തിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകൾ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ജില്ലകൾക്കായി 1995.3878 കോടി രൂപയുടെ അധിക ധനസഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ 18.31 കോടി രൂപ അധിക കേന്ദ്ര സഹായമായി 28.03.2013 ൽ അനുവദിക്കുകയും ചെയ്തിരുന്നു. ചെലവഴിച്ച തുകയുടെ കണക്കുകൾ ലഭ്യമായിട്ടില്ല. സംസ്ഥാനം പൂർണ്ണമായും വരൾച്ചാബാധിതമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 7888.09654 കോടി രൂപയുടെ അധിക ധനസഹായം കൂടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര ഏജൻസികളിൽ നിന്നും മറ്റ് വിദേശ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വീതം കടമെടുത്തു: വിശദാംശം ലഭ്യമാക്കാമോ ; | ഈ സർക്കാർ അധികാരത്തിൽ വന്ന 18.05.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ കേന്ദ്ര ഏജൻസികളിൽ നിന്നും മറ്റ് വിദേശ സ്ഥാപനങ്ങളിൽ നിന്നും 1055.272 കോടി രൂപ വായ്പയായി എടുക്കുകയുണ്ടായി. വിശദാംശം അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (ഡി) | മൊത്തം കടത്തിന്റെ പലിശ മാത്രം തിരിച്ചടയ്ക്കുന്നതിനായി പ്രതിമാസം എത്ര തുകയാണ് ആവശ്യമായി വരുന്നത് : വിശദാംശം ലഭ്യമാക്കാമോ ? | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ മൊത്തം പലിശ അടവ് സംബന്ധിച്ച വിശദാംശം അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. ത്രൈമാസ, അർദ്ധവാർഷിക ഗഡുക്കളായാണ് പലിശ അടവ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

തുക കോടിയിൽ

| ക്രമ നം. | പദ്ധതി | ഫണ്ടിംഗ് ഏജൻസി | എടുത്ത വായ്പ |
|---|---|---|---|
| 1. | നാഷണൽ ഹൈഡ്രോളജി പദ്ധതി II | ലോക ബാങ്ക് | 6.0919 |
| 2. | കേരള വാട്ടർ സപ്ളൈ പദ്ധതി II | ജിക്ക | 368.9097 |
| 3. | കേരള വാട്ടർ സപ്ളൈ പദ്ധതി III | ജിക്ക | 64.0465 |
| 4. | കെ.എസ്.യു.ഡി.പി. | എ.ഡി.ബി. | 131.4770 |
| 5. | കെ.എൽ.ജി.എസ്.ഡി.പി. | ലോക ബാങ്ക് | 324.2826 |
| 6. | ഡ്രിപ്പ് | ലോക ബാങ്ക് | 4.8617 |
| 7. | ജലനിധി പദ്ധതി II | ലോക ബാങ്ക് | 1.6458 |
| 8. | കെ.എസ്.റ്റി.പി. | ലോക ബാങ്ക് | 20.6147 |
| 9. | സഹകരണ മേഖലയിൽ വിവിധ സ്ഥാപനങ്ങൾക്കുള്ള ധനസഹായം | NCDC | 124.8186 |
| 10. | സഹകരണ മേഖലയ്ക്കുള്ള ഓഹരി മൂലധന ധനസഹായം | NABARD | 8.5237 |
| ആകെ വായ്പ | | | 1055.2722 |

# അനുബന്ധം 2

തുക കോടിയിൽ

| | | 2011-12 | 2012-13 (എ.ജി. യുടെ താത്കാലിക കണക്ക് പ്രകാരം) |
|---|---|---|---|
| 1. | ആഭ്യന്തര കടത്തിൻമേലുള്ള പലിശ | 4118.96 | 4616.13 |
| 2. | ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് എന്നിവയിന്മേലുള്ള പലിശ | 1755.32 | 507.91 |
| 3. | കേന്ദ്ര വായ്പയിന്മേലുള്ള പലിശ | 419.32 | 403.29 |
| ആകെ | | 6293.60 | 5527.33 |

സെക്ഷൻ ഓഫീസർ